WEDNESDAY 14/05/2025 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Haripriya Devi VV (I/C) Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 14/05/2025

1. കാർഷിക സ്റ്റാർട്ടപ്പുകൾക്കായി പുതിയ ആശയങ്ങളുണ്ടെങ്കിൽ മണ്ണുത്തി കാർഷിക സർവകലാശാലയിലെ അഗ്രി ബിസിനസ് ഇൻക്യുബേറ്റർ മാർഗനിർദേശവും പരിശീലനവും നൽകും. ഇതോടൊപ്പം 25 ലക്ഷം രൂപ വരെ ധനസഹായവും ലഭിക്കും. പുതുമയുള്ള ആശയമുള്ളവർക്കു സുവർണാവസരമാണ് ഈ പദ്ധതിയിലൂടെ തുറന്നു കിട്ടുന്നത്. കൂടുതൽ വിവരങ്ങൾക്ക്: ഡോ. കെ.പി. സുധീർ, അഗ്രി ബിസിനസ് ഇൻക്യുബേറ്റർ മേധാവി rabi@kau.in  കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ ഫോൺ നമ്പർ. 9778436265/ 0487 243 8332/ 8330801782/ 9496108185, e -mail: rabi@kau.in

2. ക്ഷീര വികസന വകുപ്പിൻ്റെ ആഭിമുഖ്യത്തിൽ ജൂൺ 1 ലോക ക്ഷീരദിനമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, പട്ടത്തുള്ള ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് തിരുവനന്തപുരം ജില്ലയിലെ യു.പി, ഹൈസ്കൂൾ വിഭാഗങ്ങളിലെ സ്കൂൾ വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. പെയിന്റിംഗ്, പെൻസിൽ ഡ്രോയിംഗ് മത്സരങ്ങൾ യൂപി & ഹൈസ്കൂൾ വിഭാഗങ്ങൾക്കായും ഉപന്യാസരചന, ഡയറി ക്വിസ് മത്സരം എന്നിവ ഹൈസ്കൂൾ വിഭാഗത്തിനു മാത്രമായും നടത്തുന്നതാണ്. പങ്കെടുക്കാൻ താൽപ്പര്യമുള്ള വിദ്യാർത്ഥികൾ 2025 മെയ് മാസം 22 നു വൈകുന്നേരം 4.00 മണിക്ക് മുമ്പായി ഈ പരിശീലന കേന്ദ്രവുമായി ഫോൺ മുഖേനയോ, നേരിട്ടോ പേരുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഫോൺ നം. 0471-2440911 6238718457. മത്സരങ്ങളിൽ പങ്കെടുക്കാൻ വരുന്നവർ സ്കൂൾ ഐഡന്റിറ്റി കാർഡ് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. സ്കൂൾ ഐ.ഡി.കാർഡ്/പ്രിൻസിപ്പാളിൻ്റെ സാക്ഷ്യപത്രം എന്നിവ ഇല്ലാത്തവരെ പരിഗണിക്കുന്നതല്ല.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ഫാമിൽ ജലസേചനത്തിനായി 7.5 H.P മോട്ടോർ പമ്പും, അനുബന്ധസാധനങ്ങളുടെയും വില സംബന്ധിച്ച് മുദ്ര വച്ച മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷനുകൾ സൂപ്രണ്ട്, ജില്ലാകന്നുകാലി വളർത്തൽകേന്ദ്രം, കുടപ്പനക്കുന്ന്, തിരുവനന്തപുരം, എന്ന മേൽ വിലാസത്തിൽ അയയ്ക്കേണ്ടതും, ക്വട്ടേൻ കവറിനു പുറത്ത് 7.5 H.P മോട്ടോർ പമ്പ് സംബന്ധിച്ച ക്വട്ടേഷൻ 2024-25 എന്ന് രേഖപ്പെടുത്തിയിരിയ്ക്കേണ്ടതുമാണ് ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തിയതി 26/05/2025-തിയതി രാവിലെ 11 മണിവരെയാണ്. ക്വട്ടേഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ ഫാം ഓഫീസുമായി നേരിട്ടോ 0471 2732962 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

4. ലോക ക്ഷീരദിനമായ ജൂൺ 1-ന് ക്ഷീരവികസന വകുപ്പിൻ്റെ ആഭിമുഖ്യത്തിൽ വിപുലമായ ക്ഷീരദിനാചരണ പരിപാടികൾ സംഘടിപ്പിക്കുന്നു. ഇതോടനുബന്ധിച്ച് ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 22.05.2025 രാവിലെ 9.00 മണി മുതൽ യു.പി., ഹൈസ്കൂൾ/ഹയർ സെക്കൻ്ററി സ്കൂൾ വിദ്യാർത്ഥികൾക്കായി (2024-25 വർഷം അടിസ്ഥാനപ്പെടുത്തി) ഡയറി ക്വിസ്, ചിത്രരചന (വാട്ടർ കളർ), ഉപന്യാസ മത്സരം എന്നിവ നടത്തുന്നു. വേദി - ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രം, ഓച്ചിറ കല്ലൂർമുക്ക് ഐ.ഒ.സി. പമ്പിന് എതിർവശം, ബ്രഹ്മാനന്ദവിലാസം NSS കരയോഗ മന്ദിരം, പായിക്കുഴി റോഡ്, ഓച്ചിറ. മത്സരങ്ങളിൽ പങ്കെടുക്കാൻ താൽപര്യമുള്ള വിദ്യാർത്ഥികൾ 19.05.2025 വൈകിട്ട് 5.00 മണിക്ക് മുമ്പായി 0476-2698550, 8089391209 എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. സ്കൂളിൽ നിന്നുള്ള തിരിച്ചറിയൽ കാർഡ് മത്സര ദിവസം ഹാജരാക്കേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റും വിതരണം ചെയ്യുന്നതാണ്. എല്ലാ മത്സര വിജയികൾക്ക് പാരിതോഷികവും വിതരണം ചെയ്യുന്നതാണ്.

5. റബ്ബർബോർഡ് റബ്ബറുത്പന്നനിർമാണത്തിൽ മൂന്നു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോഴ്സ് കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ ജൂലൈ 02-ന് ആരംഭിക്കും. കോഴ്സ് ഫീസ് 21,000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ). റബ്ബറുത്പന്നനിർമാണത്തിലുള്ള സർട്ടിഫിക്കറ്റ് കോഴ്സിൽ ഡിപ്ലോമ/ബിരുദധാരികൾ, എഞ്ചിനീയർമാർ, ഗവേഷകർ, വിദ്യാർത്ഥികൾ, റബ്ബർവ്യവസായമേഖലയിൽ സാങ്കേതികരംഗത്ത് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർക്കെല്ലാം പങ്കെടുക്കാം. ഈ കോഴ്സിലൂടെ റബ്ബർ സംസ്കരണം, ഉത്പന്നനിർമാണം, ഗുണമേന്മ നിയന്ത്രണം തുടങ്ങി റബ്ബർമേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രാവീണ്യം നേടാം. സംരംഭകത്വത്തിലും സാമ്പത്തിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിലും അറിവുനേടുന്നതിനും അവസരമുണ്ടായിരിക്കും. അക്കാദമിക/വ്യവസായിക മേഖലകളിൽ പുതിയ അവസരങ്ങൾ തേടുന്നതിനും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും കോഴ്സ് സഹായകമാകും. കോഴ്സിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 04812353127 എന്ന നമ്പറിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പറിലോ വേണം ബന്ധപ്പെടാൻ. ഇ മെയിൽ: training@rubberboard.org.in

6. റബ്ബറിന്റെ ശാസ്ത്രീയ വളപ്രയോഗശുപാർശകൾ, ഓൺലൈൻ വളപ്രയോഗശുപാർശ എന്നിവയെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. കെ.കെ. അമ്പിളി മെയ് 15-ാം തീയതി വ്യാഴാഴ്ച രാവിലെ 10

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മണി മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ മറുപടി നൽകുന്നതാണ്. കോൾസെന്റർ നമ്പർ 04812576622.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം